# സൂറ-23 / അൽ മുഅ്മിനൂൻ

എ.വൈ.ആർ

**അല്ലാഹുവിന്റെ കൂടെ, അല്ലെങ്കിൽ അവനല്ലാത്ത മറ്റൊരു ദൈവത്തിന് ഇബാദത്ത് ചെയ്യുന്നതിനെ ന്യായീകരിക്കുന്ന ബുദ്ധിപരമോ വൈദികമോ ആയ യാതൊരു പ്രമാണവുമില്ല. അതിനാൽ ആ മഹാപരാധം ചെയ്യുന്നവർ ഓർത്തിരിക്കട്ടെ; അതിന്റെ പേരിൽ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം പറയേണ്ട ഒരു നാൾ വരുന്നുണ്ടെന്ന്. സത്യ-ധർമങ്ങൾ നിഷേധിച്ച് ജഢികാസക്തികളെ മാത്രം പിന്തുടർന്ന് വാണവർ അന്ന് ഒരുവിധത്തിലും ജയിക്കാൻ പോകുന്നില്ല.**



قَالَ كَمْ لَبِثْتُمْ فِى ٱلْأَرْضِ عَدَدَ سِنِينَ ﴿١١٢﴾

**112.** അനന്തരം അവൻ ചോദിക്കുന്നു: ഭൂമിയിൽ നിങ്ങൾ എത്ര വർഷം പാർത്തു?

قَالُوا۟ لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ فَسْـَٔلِ ٱلْعَآدِّينَ ﴿١١٣﴾

**113.** അവർ പറയും: ഞങ്ങൾ ഒരു നാളോ ഒരു നാളിന്റെ കുറച്ചു ഭാഗമോ പാർത്തിരിക്കും. ഗണിതജ്ഞരോടു ചോദിച്ചുനോക്കുക.

قَـٰلَ إِن لَّبِثْتُمْ إِلَّا قَلِيلًا ۖ لَّوْ أَنَّكُمْ كُنتُمْ تَعْلَمُونَ ﴿١١٤﴾

**114.** അവൻ പറയുന്നു: തുഛ നേരമേ ഭൂമിയിൽ പാർത്തിട്ടുള്ളൂ അല്ലേ! കഷ്ടം, ഈ സത്യം നിങ്ങൾ നേരത്തേ അറിഞ്ഞിരുന്നുവെങ്കിൽ.

### 112-114

قَالَ = അവൻ പറഞ്ഞു; (അനന്തരം) അവൻ ചോദിക്കുന്നു
كَمْ لَبِثْتُمْ = നിങ്ങൾ എത്ര പാർത്തു
فِى ٱلْأَرْضِ = ഭൂമിയിൽ
عَدَدَ سِنِينَ = (വർഷം) വർഷങ്ങളുടെ എണ്ണത്താൽ
قَالُوا۟ = അവർ പറ(യും)ഞ്ഞു
لَبِثْنَا يَوْمًا = ഞങ്ങൾ ഒരു നാൾ പാർത്തു(ത്തിരിക്കും)
أَوْ بَعْضَ يَوْمٍ = അല്ലെങ്കിൽ ഒരു നാളിന്റെ (കുറച്ചു) ഭാഗം
فَسْـَٔلِ = ചോദിച്ചുനോക്കുക
ٱلْعَآدِّينَ = എണ്ണുന്നവരോട് (ഗണിതജ്ഞരോട്)
قَـٰلَ = പറഞ്ഞു
إِن لَّبِثْتُمْ = നിങ്ങൾ പാർത്തിട്ടില്ല (പാർത്തിട്ടുള്ളൂ അല്ലേ)
إِلَّا قَلِيلًا = കുറച്ച് (മാത്രമേ) അല്ലാതെ
لَّوْ أَنَّكُمْ كُنتُمْ تَعْلَمُونَ = (ഈ സത്യം) നിങ്ങൾ (നേരത്തേ) അറിയുന്നവരായി (അറിഞ്ഞി)രുന്നുവെങ്കിൽ

ഇനി അവിശ്വാസികൾ നിഷേധിച്ച ഉയിർത്തെഴുന്നേൽപ് സംഭവിക്കുന്ന അവസരം ചിത്രീകരിക്കുകയാണ്. ഉയിർത്തെഴുന്നേൽപൊന്നും സംഭവിക്കാൻ പോകുന്നില്ല, അഥവാ സംഭവിക്കുകയാണെങ്കിൽ തന്നെ കാലത്തിന്റെ അതിവിദൂരമായ ഏതോ അറ്റത്തായിരിക്കും. ഇപ്പോൾ അതേക്കുറിച്ച് ആലോചിച്ച് ഈ ഭോഗജീവിതം കലുഷിതമാക്കേണ്ട കാര്യമില്ല എന്നായിരുന്നുവല്ലോ അവർ ഘോഷിച്ചുകൊണ്ടിരുന്നത്. രണ്ടാമത്തെ കുഴലൂത്തോടെ മരിച്ചവരെല്ലാം ജീവിച്ചെഴുന്നേൽക്കുമ്പോൾ അവർക്ക് മനസ്സിലാകും; തങ്ങൾ അതിവിദൂരമെന്ന് കരുതിയ സംഗതിയിതാ ഇപ്പോൾ തന്നെ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു!

ഇവിടെ قَالَ -പറഞ്ഞു-എന്ന ക്രിയയുടെ കർത്താവിനെ ഖുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്ത രീതിയിലാണ് നിർണയിച്ചിരിക്കുന്നത്. ചിലരുടെ വീക്ഷണത്തിൽ ചോദ്യകർത്താവ് അല്ലാഹുവാണ്. ചിലരുടെ വീക്ഷണത്തിൽ ഉയിർത്തെഴുന്നേൽപുമായി ബന്ധപ്പെട്ട മലക്ക്. ഉയിർത്തെ

ഴുന്നേറ്റ മനുഷ്യർ തന്നെയാണീ ചോദ്യമുന്നയിക്കുന്നതെന്നാണ് മൂന്നാമത്തെ അഭിപ്രായം. നമ്മൾ ഭൂലോകത്തും ബർസഖീ ലോകത്തുമായി എത്രകാലം കഴിച്ചുകൂട്ടിയിരിക്കും എന്ന് അവർ പരസ്പരം ആരായുകയാണ്. അങ്ങനെയാകുമ്പോൾ മറ്റു ചില സ്ഥലങ്ങളിൽ قَالَ قَائِلٌ-ഒരു വക്താവ് പറഞ്ഞു -എന്നു പറഞ്ഞിട്ടുള്ളതുപോലെയാണിത്. അപ്പോൾ വേറെ ചിലർ പറയുന്നു: ഒരു ദിവസം അല്ലെങ്കിൽ ഒരു ദിവസത്തിലും കുറവേ വസിച്ചിട്ടുള്ളൂ. ഇതു പറയുന്നവരുടെ സന്ദേഹവും വിഹ്വലതയുമാണ് فَسْـَٔلِ ٱلْعَآدِّينَ എന്ന വാക്യം പ്രകാശിപ്പിക്കുന്നത്. ആർക്കറിയാം നമ്മൾ എത്രകാലം പിന്നിട്ടുവെന്ന്. ഇങ്ങനെയൊരു പുനർജീവിതം തന്നെ നമ്മളാരും പ്രതീക്ഷിച്ചതല്ലല്ലോ. ഇനി അത് പ്രതീക്ഷിക്കുകയും കാലം ഗണിച്ചുവെക്കുകയും ചെയ്ത വല്ലവരുമുണ്ടെങ്കിൽ അവരോട് ചെന്ന് ചോദിച്ചുനോക്കുക. قَـٰلَ إِن لَّبِثْتُمْ എന്ന വാക്യത്തിലെ قَـٰلَ യുടെ കർത്താവും ഉയിർത്തെഴുന്നേൽപിക്കപ്പെട്ട മനുഷ്യർ തന്നെയാവാം. നമ്മൾ വളരെ കുറഞ്ഞ കാലം മാത്രമേ ഉയിർത്തെഴുന്നേൽപിനു മുമ്പ് പിന്നിട്ടിട്ടുള്ളൂ എന്ന് ഉറപ്പിച്ചു പറയുകയും ലൗകിക ജീവിതം ഇത്ര ക്ഷണികമാണെന്ന് നേരത്തേ നമ്മൾ അറിയാതെ പോയല്ലോ എന്ന് കേഴുകയുമാണവർ. ആദ്യവാക്യത്തിലെ قَـٰلَ യുടെ എന്ന പോലെ രണ്ടാമത്തെ قَـٰلَ യുടെയും കർത്താവ് അല്ലാഹുവാണെന്നാണ് പ്രബലമായ പക്ഷം. വളരെ കുറഞ്ഞ കാലമേ ഭൂമിയിൽ വസിച്ചിട്ടുള്ളൂ എന്ന് ഇപ്പോൾ നിങ്ങൾക്കു ബോധ്യമായല്ലോ. ഈ ബോധ്യം






നേരത്തേ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ഈ ഗതി വരില്ലായിരുന്നു എന്നാണ് ആശയം. വക്താക്കൾ ഉയിർത്തെഴുന്നേറ്റ മനുഷ്യർ തന്നെയാണ് എന്ന വ്യാഖ്യാനത്തെ ബലപ്പെടുത്തുന്ന മറ്റു ചില ഖുർആൻ വാക്യങ്ങളുണ്ട്: يَتَخَـٰفَتُونَ بَيْنَهُمْ إِن لَّبِثْتُمْ إِلَّا عَشْرًا ﴿١٠٣﴾ (നമ്മൾ ഒരു പത്തു നാളേ പാർത്തിട്ടുള്ളൂ എന്ന് അവർ പരസ്പരം പിറുപിറുത്തുകൊണ്ടിരിക്കും-20:103).

نَّحْنُ أَعْلَمُ بِمَا يَقُولُونَ إِذْ يَقُولُ أَمْثَلُهُمْ طَرِيقَةً إِن لَّبِثْتُمْ إِلَّا يَوْمًا ﴿١٠٤﴾ (അവരിൽ കൂടുതൽ സൂക്ഷിച്ചു കണക്കുകൂട്ടുന്നവർ നമ്മൾ ഒരൊറ്റ ദിവസമേ പാർത്തിട്ടുള്ളൂ എന്നു പറയുന്നതും നാം അറിയുന്നുണ്ട്-20:104). പ്രകൃത സൂക്തത്തിൽ لَّوْ أَنَّكُمْ എന്നു തുടങ്ങുന്ന വാക്യം أَمْثَلُهُمْ طَرِيقَةً എന്ന് വിശേഷിപ്പിക്കപ്പെട്ടവരുടേതായും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു.

സൂറ *അൽകഹ്ഫിൽ*, മൂന്നു നൂറ്റാണ്ടിലേറെ കാലം ഉറങ്ങിക്കിടന്ന ശേഷം ഉണർന്ന ഗുഹാവാസികളും പരസ്പരം ഈ വിധം സംസാരിച്ചതായി പറയുന്നുണ്ട്. ഒരു നാൾ അല്ലെങ്കിൽ അതിൽ കുറച്ചേ ഉറങ്ങിയിട്ടുള്ളൂ എന്നാണവർക്കും തോന്നിയത്. *അൽബഖറ* 259ാം സൂക്തത്തിൽ അല്ലാഹു നൂറു വർഷം ഉറക്കിക്കിടത്തിയ ശേഷം ഉണർത്തിയ ഒരാളെ പാമർശിക്കുന്നുണ്ട്. എത്രകാലം ഉറങ്ങിക്കഴിഞ്ഞു എന്ന് ചോദിച്ചപ്പോൾ ഒരു ദിവസം അല്ലെങ്കിൽ അതിൽ കുറവ് എന്നാണയാളും പറഞ്ഞത്. ഉയിർത്തെഴുന്നേൽപുവേളയിൽ ഈ ചോദ്യവും വിശദീകരണവും അവതരിപ്പിക്കുന്നത്, അനന്തമായ പാരത്രിക ജീവിതം നഷ്ടപ്പെടുത്തിക്കൊണ്ട് തങ്ങൾ നേടിയ ഭൗതിക ജീവിതം എത്ര ക്ഷുദ്രവും ക്ഷണികവുമായിരുന്നുവെന്ന് ഓർക്കാനും അതുവഴി അവിശ്വാസികളുടെ മനോവ്യഥയും നൈരാശ്യവും പെരുകാനും വേണ്ടിയാണ്.

അറുപതോ നൂറോ അതിലധികമോ വർഷങ്ങൾ ഭൗതിക ലോകത്തും പിന്നെ സഹസ്രാബ്ദങ്ങൾ ബർസഖീ ലോകത്തും പിന്നിട്ടവർക്ക് ആ കാലഘട്ടം ഒരു നാളോ അതിൽ കുറച്ചോ ആയി അനുഭവപ്പെടുന്നതിന് പല കാരണങ്ങളുണ്ട്: ഒന്ന്; മനുഷ്യർ മരണപ്പെടുന്നതോടെ സമയം എന്ന പ്രതിഭാസത്തിന് അതീതരാകുന്നു. അതുകൊണ്ട് അഞ്ചോ പത്തോ സഹസ്രാബ്ദങ്ങൾക്കു മുമ്പ് മരിച്ചവരും ലോകാവസാന നാളിൽ മരിച്ചവരും ഉയിർത്തെഴുന്നേൽക്കുന്നത് ഒരുപോലെയായിരിക്കും. ഏതാനും മണിക്കൂറുകൾക്കു മുമ്പ് മാത്രം ജീവിച്ചു മരിച്ചതായാണ് ഇരുകൂട്ടർക്കും തോന്നുക. ഭൗതിക ലോകത്തിന്റെ സമയഗണനയും പരലോകത്തിന്റെ സമയഗണനയും തമ്മിലുള്ള അന്തരമാണ് മറ്റൊരു കാരണം. പരലോകത്തെ ഒരുനാൾ ഈ ലോകത്തെ ആയിരവും അമ്പതിനായിരവും സംവത്സരങ്ങൾക്കു തുല്യമാണ്:

وَإِنَّ يَوْمًا عِندَ رَبِّكَ كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ ﴿٤٧﴾ (നിന്റെ നാഥങ്കലെ ഒരു നാൾ നിങ്ങൾ എണ്ണുന്ന ആയിരം വത്സരത്തിനു തുല്യമാണ്-21:47) പരലോകത്തെ ഒരു ദിവസം തികച്ചുപോലും ഇഹലോകത്തു ജീവിച്ചവരാരുമുണ്ടാവില്ല. മൂന്നാമത്തെ കാരണം ഇതാണ്: മരണമടയുന്ന ശരീരങ്ങൾ ദ്രവിച്ച് മണ്ണായിപ്പോകുന്നുവെന്നത് ഒരനുഭവസത്യമാണ്. ആ മണ്ണ് വീണ്ടും സജീവവും സമ്പൂർണവുമായ ശരീരമായി മാറിയ ഒരനുഭവം ഇന്നോളം ഉണ്ടായിട്ടില്ല. കാരണം അതസംഭവ്യമാകുന്നു. ഇതായിരുന്നുവല്ലോ അവരുടെ ധാരണ. ഏതവസ്ഥയിലാണോ മരണപ്പെട്ടത്, അതേ അവസ്ഥയിലാണ് ഓരോ മനുഷ്യനും ഉയിർത്തെഴുന്നേൽക്കുന്നത്. ഇരുപത്തഞ്ചുകാരൻ ഇരുപത്ത

ഞ്ചുകാരനായും നൂറ്റി ഇരുപത്തഞ്ചുകാരൻ നൂറ്റി ഇരുപത്തഞ്ചുകാരനായും; ശരീരത്തിൽ ഒരു മാറ്റവുമില്ലാതെ. ഏതാനും മണിക്കൂറുകൾക്കു മുമ്പ് ഉറങ്ങാൻ കിടന്ന താനിതാ ഉണർന്നെഴുന്നേറ്റിരിക്കുന്നു എന്നേ ഓരോരുത്തർക്കും തോന്നൂ: مَنۢ بَعَثَنَا مِن مَّرْقَدِنَا .. (ആരാണ് തങ്ങളെ വിളിച്ചുണർത്തിയത് -36:52) എന്ന് അവർ ചോദിച്ചുകൊണ്ടിരിക്കും. തുടർന്ന്, അല്ലാഹു നിശ്ചയിച്ചുവെച്ചിട്ടുള്ളതായി പ്രവാചകന്മാർ മുന്നറിയിപ്പു നൽകിയ ഉയിർത്തെഴുന്നേൽപാണിതെന്ന് ബോധ്യമാകുന്നു: هَٰذَا مَا وَعَدَ ٱلرَّحْمَٰنُ وَصَدَقَ ٱلْمُرْسَلُونَ (ഇത് ആ പരമ കാരുണികൻ വാഗ്ദാനം ചെയ്തതാണല്ലോ. ദൈവദൂതന്മാർ പറഞ്ഞത് സത്യം തന്നെ-36:52) ■

أَفَحَسِبْتُمْ أَنَّمَا خَلَقْنَٰكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ١١٥

115. എന്ത്, നിങ്ങൾ ധരിച്ചുവശായിരുന്നുവോ; നാം നിങ്ങളെ പാഴ്വേലയായി സൃഷ്ടിച്ചു വിട്ടതാണെന്ന്, ഒരിക്കലും നിങ്ങളെ നമ്മിലേക്ക് തിരിച്ചുകൊണ്ടുവരികയില്ലെന്നും?!

فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ ١١٦

116. എന്നാൽ അല്ലാഹു അത്യുന്നതനും സാക്ഷാൽ രാജാവുമാകുന്നു. വിശുദ്ധ സിംഹാസനത്തിനുടയവൻ.

**115-116**

| | |
|---|---|
| أَفَحَسِبْتُمْ | നിങ്ങൾ ഭാവിച്ചുവോ (ധരിച്ചുവശായോ) |
| أَنَّمَا خَلَقْنَٰكُمْ عَبَثًا | നിങ്ങളെ നാം പാഴ്വേലയായി(ട്ടു മാത്രം) സൃഷ്ടിച്ചുവെ(ച്ചു വിട്ടതാണെ)ന്ന് |
| وَأَنَّكُمْ | തീർച്ചയായും നിങ്ങൾ |
| إِلَيْنَا | നമ്മിലേക്ക് |
| لَا تُرْجَعُونَ | നിങ്ങൾ മടക്കപ്പെടുകയില്ലെന്നും (ഒരിക്കലും നിങ്ങളെ തിരിച്ചുകൊണ്ടുവരികയില്ലെന്നും) |
| فَتَعَٰلَى ٱللَّهُ | അല്ലാഹു അത്യുന്നതനായിരിക്കുന്നു |
| ٱلْمَلِكُ ٱلْحَقُّ | സാക്ഷാൽ രാജാവ് |
| لَآ إِلَٰهَ إِلَّا هُوَ | അവനല്ലാതെ ദൈവമേതുമില്ല |
| رَبُّ ٱلْعَرْشِ ٱلْكَرِيمِ | വിശുദ്ധ സിംഹാസനത്തിനുടയവൻ |

അലക്ഷ്യവും അനന്തരഫലം പ്രതീക്ഷിക്കാത്തതുമായ സംഗതിയാണ് عبث. സൂക്തസാരം: ഉയിർത്തെഴുന്നേൽപിനെയും രക്ഷാശിക്ഷകളെയും അവഗണിച്ചുതള്ളി വാണപ്പോൾ നിങ്ങളുടെയും നിങ്ങളുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും യാഥാർഥ്യത്തെക്കുറിച്ച് എന്താണ് കരുതിയത്? ഒന്നിനും ഒരു യാഥാർഥ്യവുമില്ലെന്നോ? എല്ലാം ഒരു വൃഥാ വിനോദമമായി, പാഴ്വേലയായി സൃഷ്ടിച്ചുവിട്ടതാണെന്നോ? സൃഷ്ടികൾ കടിഞ്ഞാണില്ലാതെ വിട്ടയക്കപ്പെട്ടിരിക്കുകയാണെന്നോ? ഒരിക്കലും സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് തിരിച്ചുവരേണ്ടതില്ലെന്നോ? അവൻ തന്ന ജീവിതം എങ്ങനെ ജീവിച്ചുതീർത്തു എന്ന് കണക്കുബോധിപ്പിക്കേണ്ടതില്ലെന്നോ? എങ്കിൽ സ്രഷ്ടാവിനെയും സൃഷ്ടിയെയും സംബന്ധിച്ച അതീവ ഗുരുതരമായ തെറ്റിദ്ധാരണയാണത്. അല്ലാഹുവിന്റെ പരമ പരിശുദ്ധിക്കും അന്യൂന മഹത്വത്തിനും സൽഗുണ സമ്പൂർണതക്കും ഒട്ടും നിരക്കുന്നതല്ല ഉദ്ദേശ്യരഹിതമായും അലക്ഷ്യമായും സൃഷ്ടികളെ സൃഷ്ടിച്ചുവിടുക എന്നത്. സൃഷ്ടിപ്രപഞ്ചത്തിന്റെ സാക്ഷാൽ രാജാവ്- ٱلْمَلِكُ ٱلْحَقُّ -ആണവൻ. തന്റെ പ്രജകൾക്ക് നീതി നൽകാതിരിക്കുകയും മർദകനെയും മർദിതനെയും തുല്യമായി കാണുകയും ചെയ്യുക എന്നത് അവനിൽനിന്ന് സംഭവിക്കുക സാധ്യമല്ല. മഹിത സിംഹാസനത്തിന്റെ, അഥവാ പ്രപഞ്ചത്തിന്റെ സർവാധികാരങ്ങളുടെയും ഉടമയും പരിപാലകനും പങ്കാളികളില്ലാത്ത ഏകനുമായ ദൈവമാണവൻ. അവന്റെ സൃഷ്ടിപ്രപഞ്ചം അവ്യവസ്ഥിതവും അരാജകവുമാവുക അസാധ്യമാകുന്നു. ■

وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ
رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ١١٧

117. വല്ലവനും അല്ലാഹുവിന്റെ കൂടെ ഇതര ദൈവങ്ങളെ ആരാധിക്കുന്നുവെങ്കിൽ, അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവുമില്ല. എന്നാൽ അവന്റെ വിചാരണ വിധാതാവിങ്കൽ മാത്രമാകുന്നു. ഇത്തരം സത്യനിഷേധികൾ ഒരിക്കലും ജീവിത സാഫല്യം നേടുന്നില്ല.

**117**

وَمَن يَدْعُ = വല്ലവനും പ്രാർഥിക്കുന്നു, ആരാധിക്കുന്നുവെങ്കിൽ مَعَ ٱللَّهِ = അല്ലാഹുവിന്റെ കൂടെ
إِلَٰهًا ءَاخَرَ = ഇതര ദൈവത്തെ لَا بُرْهَٰنَ لَهُۥ بِهِۦ = അവന്ന്(ന്റെ പക്കൽ) അതിന് യാതൊരു പ്രമാണവുമില്ല
فَإِنَّمَا حِسَابُهُۥ = എന്നാൽ അവന്റെ വിചാരണ عِندَ رَبِّهِۦٓ = അവന്റെ വിധാതാവിങ്കൽ മാത്രമാകുന്നു
إِنَّهُۥ لَا يُفْلِحُ = ഒരിക്കലും (ജീവിത)സാഫല്യം നേടുന്നില്ല ٱلْكَٰفِرُونَ = ഇത്തരം സത്യനിഷേധികൾ

**ഇ**തുവരെ പറഞ്ഞുവന്നതിന്റെ ആകത്തുക ഒന്നുകൂടി വ്യക്തമാക്കുകയാണിവിടെ: അല്ലാഹുവിന്റെ കൂടെ, അല്ലെങ്കിൽ അവനല്ലാത്ത മറ്റൊരു ദൈവത്തിന് ഇബാദത്ത് ചെയ്യുന്നതിനെ ന്യായീകരിക്കുന്ന ബുദ്ധിപരമോ വൈദികമോ ആയ യാതൊരു പ്രമാണവുമില്ല. അതിനാൽ ആ മഹാപരാധം ചെയ്യുന്നവർ ഓർത്തിരിക്കട്ടെ; അതിന്റെ പേരിൽ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം പറയേണ്ട ഒരു നാൾ വരുന്നുണ്ടെന്ന്. സത്യ-ധർമങ്ങൾ നിഷേധിച്ച് ജഡികാസക്തികളെ മാത്രം പിന്തുടർന്ന് വാണവർ അന്ന് ഒരുവിധത്തിലും ജയിക്കാൻ പോകുന്നില്ല. دَعَا യുടെ വർത്തമാന രൂപമാണ് يَدْعُ. വിളിയും പ്രാർഥനയുമാണ് دُعَاء. ഖുർആൻ ادعوا الله (അല്ലാഹുവിനോട് ദുആ ചെയ്യുക) എന്ന് ഉപയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ اعبدوا الله (അല്ലാഹുവിന് ഇബാദത്ത് ചെയ്യുക) എന്ന അർഥവും യോജിക്കുന്നതാണ്. دُعَاء -പ്രാർഥന-ഇബാദത്തിന്റെ മജ്ജയാണെന്നും പ്രാർഥന തന്നെയാണ് ഇബാദത്തെന്നും നബി (സ) പ്രസ്താവിച്ചതായി നിവേദനങ്ങളുണ്ട്. إِنَّهُۥ لَا يُفْلِحُ എന്ന പിൻവാക്യം അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അവഗണിച്ചുകൊണ്ടും അവനല്ലാത്ത കേന്ദ്രങ്ങളെ അവലംബിച്ചുകൊണ്ടുമുള്ള ജീവിതക്രമങ്ങളെല്ലാം സത്യനിഷേധം-كفر-ആണെന്ന് സൂചിപ്പിക്കുന്നു. സൂറയുടെ തുടക്ക വചനത്തിലേക്കുള്ള ഒരു തിരിഞ്ഞു നോട്ടവുമുണ്ടീ വാക്യത്തിൽ- قَدْ أَفْلَحَ ٱلْمُؤْمِنُونَ ﴿١﴾ (യഥാർഥ സത്യവിശ്വാസികൾ ജീവിതം സഫലമാക്കിയിരിക്കുന്നു) എന്നാണല്ലോ തുടങ്ങിയത്. അല്ലാഹുവല്ലാത്തവർക്ക് ഇബാദത്ത് ചെയ്ത, യഥാർഥ വിശ്വാസികളല്ലാത്തവരുടെ ജീവിതം നിഷ്ഫലമാകുന്നു എന്നാണ് ഇവിടെ ഉണർത്തുന്നത്. ■

وَقُل رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ ﴿١١٨﴾

**118.** പ്രവാചകൻ പ്രാർഥിച്ചുകൊണ്ടിരിക്കുക. നാഥാ, എനിക്ക് പാപമോചനമരുളേണമേ, കരുണ ചൊരിയേണമേ, നീ തന്നെയാണല്ലോ കരുണ ചെയ്യുന്നവരിലേറ്റം മികച്ചവൻ.

**118**

وَقُل = പറയുക (പ്രവാചകൻ പ്രാർഥിച്ചുകൊണ്ടിരിക്കുക) رَّبِّ = എന്റെ നാഥാ
ٱغْفِرْ = (എനിക്ക്) പാപമോചനമരുളേണമേ وَٱرْحَمْ = കരുണ ചൊരിയേണമേ وَأَنتَ = നീ തന്നെയാണല്ലോ
خَيْرُ ٱلرَّٰحِمِينَ = കരുണ ചെയ്യുന്നവരിലേറ്റം മികച്ചവൻ

**ഒ**ടുവിൽ പ്രവാചകനോടും അദ്ദേഹം മുഖേന പ്രവാചകശിഷ്യന്മാരോടും പിൽക്കാല പ്രബോധകന്മാരോടുമെല്ലാം, പാപമോചനത്തിനും ദൈവകാരുണ്യത്തിനും വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കാനുപദേശിച്ചുകൊണ്ട് ഈ സൂറ സമാപിക്കുകയാണ്. 109-110 സൂക്തങ്ങളിൽ رَبَّنَآ ءَامَنَّا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلرَّٰحِمِينَ എന്ന് വിശ്വാസികൾ പ്രാർഥിക്കുന്നതായും സത്യനിഷേധികൾ അവരെ പുഛിക്കുന്നതായും പറയുന്നുണ്ടല്ലോ. അതേ പ്രാർഥന തന്നെ നിലനിർത്താനാണീ ഉപദേശം. ഈ പ്രാർഥനയോടെ സ്വന്തം മാർഗത്തിൽ സ്ഥൈര്യത്തോടെ നിലകൊള്ളുക, ഈ പ്രാർഥന തന്നെയാണ് പാപമോചനത്തിന്റെയും ദൈവകാരുണ്യത്തിന്റെയും കവാടങ്ങളുടെ താക്കോൽ എന്നാണിതിന്റെ സൂചന. ഈയർഥത്തിൽ, സത്യവിശ്വാസികൾക്ക് അവർ തേടുന്ന ദൈവസഹായത്തിന്റെയും വിജയത്തിന്റെയും സാക്ഷാത്കാരം ആസന്നമായിക്കൊണ്ടിരിക്കുന്നു എന്ന സുവിശേഷവുമാണിത്. رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ എന്ന വിശുദ്ധ പ്രാർഥനയോടെ, സൂറ *അൽമുഅ്മിനൂന്റെ* ബോധനം സമാപിക്കുന്നു. ■